# ഹിരണ്യാസുരവധം

കഥകളിപ്പാട്ട.

—(o)—

ഇത

കൊല്ലംപരവൂര വാഴവിളവീട്ടിൽ

കണക്ക

ചെമ്പകരാമൻകെശവനാൽ

ഉണ്ടാക്കപ്പെട്ടതു.

—o—

ൟപുസ്തകത്തിന്റെ സകലഅവകാശവും

ടി-യാരിൽനിന്നു

കടയ്ക്കാവൂർ മങ്കൊട്ടു

ചീരാളൻ ശംകരനാൽ

തിരുവനന്തപുരം

കെരളൊദയം അച്ചുക്കൂടത്തിലെക്കു

സിദ്ധിച്ചിരിക്കുന്നു.

—(o)—

(*Copy Right Reserved*)

*Printed at the Keralodayam Press.*

*TREVANDRUM*—1885.

വിലപണം ൧

തിരുവനന്തപുരം കാളെജിൽ

മലയാളം മുൻഷി

രാജശ്രീ. രാമൻകുറുപ്പു ബീ. ഏ. അവൎകളുടെ

സൎട്ടിഫിക്കററ്

പരവൂർ വാഴവിളവീട്ടിൽ കണക്കു ചെമ്പകരാമൻകെശവനെന്ന ആളിൻെറ കൃതിയായിട്ടു ഹിരണ്യാസുരവധംഎന്ന ഒരാട്ടക്കഥ ഞാൻ കണ്ടു. [illegible] ആൾ സംസ്കൃതഗ്രന്ഥങ്ങൾ വളരെവായിച്ചിട്ടുണ്ടെന്നു ആകവിതയിൽനിന്നും പൂൎണ്ണമായി അനുമാനിക്കേണ്ടിയിരിക്കുന്നു. അതിനെക്കാൾ വിശെഷമായിട്ടു ഒരുകൂട്ടംകൂടെ പറയാനുണ്ടു. കവിതയിൽ പദമൊഷണമില്ലാതെ സ്വകീയമായും നൂതനമായും ചിലവാഗ്ഝാടികളെ പ്രദൎശിപ്പിക്കുന്നു. മുഴുവനും വായിച്ചുനൊക്കി എൻെറ അഭിപ്രായം പൂൎണ്ണമായിട്ടു ഇപ്പൊൾ പ്രസ്താവിക്കുന്നതിനു കാൎയ്യാന്തരവ്യാപൃതത്വംകൊണ്ടു ഇടയില്ലാതെതീൎന്നിരിക്കുന്നു.

എങ്കിലും ഇയ്യിട കയ്യിൽകിട്ടുകയും യദൃച്ശയായിട്ടു നൊക്കുന്ന ചിലസ്ഥലങ്ങളിൽപൊലും നെരംപൊക്കിനു വെണ്ടുന്ന സംഗതികളെക്കൊണ്ടു സമ്പുടിതമായും അതിനാൽ അട്ടക്കിളുപ്പള്ളിയറയിൽ അടപ്പപള്ളിമെത്തയിലെക്കു എഴുന്നെള്ളു

ഷ്പിസ്കൃപ്പെടുകയും ചെയ്യപ്പെട്ടുവരുന്ന ചില കേരള കവിസമ്രാട്ടുകളെപ്പോലെ ഈ വിദ്വാനെ വിചാരിച്ചുകൂടാ. ആയതുകൊണ്ടു ഈ കവിത മുഴുവൻ നൊക്കെണമെന്നു തൊന്നുന്നു. കവി ചെറുപ്പമെന്നു കെൾക്കയാൽ ഞാൻ ഇതിനെ ഒട്ടും പ്രശംസിക്കുന്നില്ല. ഇനിമെൽ കവിതകൾ ഇതിലും വളരെ നന്നായി നാവിൽ തൊന്നിവരെണ്ടതിലെക്കു അനുഗ്രഹംചെയ്വാൻ ഞാനും വന്ദ്യവിഗ്രഹയായിരിക്കുന്ന സരസ്വതിദെവിയെ പ്രാൎത്ഥിക്കുന്നു.

N. R. K.

—o—

# ഹിരണ്യാസുരവധം

## കഥകളിപ്പാട്ട.

---

ഹരിഃ ശ്രീഗണപതയെനമഃ

അവിഘ്നമസ്തു.

### വന്ദനശ്ലോകങ്ങൾ.

ഹരിഹയനുതിപാത്രം ഹാടകാപീതനെത്രം കരധൃതകുലഗൊത്രം കന്മഷധ്വാന്തമിത്രം- ജലധരനിഭഗാത്രം ദന്ദശൂകാരിപത്രം സരസിജദളനെത്രം സംശ്രയെനന്ദപുത്രം.

അംബാമുഖാമലസരൊരുഹബാലമിത്രം ശംബായുധാദിസുരവന്ദിതപാദപത്മം- ലംബാളിജാലമദരാജിതഗണ്ഡയുഗ്മം ലംബൊദരംഹൃദിഭജെഖിലവിഘ്നശാന്ത്യൈ.

ഏണീസമായതവിലൊലവിലൊചനാസദെണീസരൊരുഹഭവാനനവാസിനീമെ- വാണീനിവാസമനിശംകുരുതാംനതാംഗീ വാണീതദംഘ്രികമലംവിമലന്നമാമി.

ലക്ഷ്മീര്ല്ലക്ഷ്മീംതനൊതു ദ്വിയുഗഭുജമജം ശംഖചക്രാദിരാജല്ലക്ഷ്മാണംപക്ഷിവാഹം സ്ഫുടമമരവരാ വീക്ഷ്യസെവാംവിധാതും- ദീപെനാലംക്രിയാദീ നിവതമസിസുയത്തെനദൃഗ്ദ്ധാംബുരാശെഃ പീയൂഷായെതിബാഢപ്രകടിതകപടാൽ ഭാവയാഞ്ചക്രിരെയാം .

വന്ദ്യംവൃന്ദാരകേന്ദ്ര പ്രമുഖസുരഗണൈർഭാസു രംവ്യാളവൃന്ദേ മന്ദാരംവന്ദിതാനാ മസുരഗണഹ രം സാരസാരാതിഭ്രഷ്ടം മന്ദായാനാരതംമേ മഹി തസുഖശതം സംവിധാതുംമഹേശം വന്ദേസന്താ നസാല പ്രചുരസുമലസൽ പാദമദ്രീന്ദ്രവാസം.

ജലധിസമഗഭീരംവസൂരിഫുൽപത്മസൂരം മൃദുച രണമുദാരം മംഗലാനാമഗാരം- മദനസമശരീരം കേശവംശ്രീവിഹാരം ഗുരുവരമതിധീരം നൌമി ലാവണ്യപൂരം.

ഭോവിദ്വാംസഃ കാര്യയം പ്രഥിത സമകലാ പേശലാസ്സല്പബുദ്ധിഃ കാഹം നാട്യപ്രബന്ധം സരസമകലുഷം യദ്യപീമംചരിത്രം കവേൾപ്രഹ്ലാ ദനാസ്തിഃ കൃതിരിയമിഹവഃ പ്രീതയെസ്യാൽകഥം നാ പ്രവ്യക്തവാച്യവർണ്ണാ അപിഹിശിശുഗിരൊ ലൊകഹർഷായസന്തി.

## അഥ കഥാരംഭഃ

ഭൈരവി—ചെമ്പട

ശ്രീമാന്മഹൊത്സ്യായസഹൊജിതാരി ശ്രീനാഥ സെവൈകരതൊമഹാത്മാ - നാകെനിജാഭിസ്സുര സുന്ദരീഭി സ്സാകംസുരെശ സ്സുരസംസ്വവാത്സിൽ =

ദെവസന്ദൊഹാധിനാഥൻ പാപനചരിതൻ ദെവകീസുതാംഘ്രിപത്മ സെവകനുദാരൻ - പു ണ്യകമ്മാനുഗജന പൂർണ്ണസുഖദായി പുണ്ഡരീകാ ക്ഷപൂർവ്വജൻ പൂർണ്ണശശിതുണ്ഡൻ - കല്യാണാംഗി മാരാംനിജ വല്ലഭമാരൊടും കല്യരാംദെവകളൊ

ട്ടം കൌതുകേനനിത്യം - സാരവാരവൈരിസുര സാരനതിസാരൻ ക്രൂരാസുരഹരൻസുരാഗാരമതിൽവാണു.

തോടി—ചെമ്പട

പരഭൃതഗണഗീതെ ഭൃംഗസന്ദോഹപീതെ സുരഭിലസുമവാരെനന്ദനൊദ്യാനദേശെ- സരസിജദളതുല്യാലൊലനെത്രാസ്സകാമീ ഗിരമിതിനിജപത്നീസ്സസ്മിതംവ്യാജഹാര ॥ നളിനദളാക്ഷിമാരാം നിങ്ങളിന്നു തെളിവൊടുകെൾക്കമമവാചം - നളിനികൾതൊറുമിതാ കളഹംസാവലിമാര കളിയാടുന്നതുകണ്ടാലും ॥നളി॥ പരഭൃതങ്ങടെനാദമിന്നു ഏറി പരിമൊദമതുവളൎത്തുന്നു- പരിഭവമൊടരികിൽവന്നു മാരൻ പരിചൊടെശരമയക്കുന്നു- പരിതാപംവളരുന്നു പരംമെനിതളരുന്നു പരിരംഭംകരണീയം മതുന്നു ॥നളി॥ (എരിക്കല—അടന്ത) സുന്ദരജീവനാഥ കെൾക്കനീവാചം വൃന്ദാരകാധിനാഥ- മന്ദമാരുതൻചാരെ വന്നിതാവീശീടുന്നു കുന്ദസായകൻ ബാണസന്ദൊഹം ചൊരിയുന്നു ॥സുന്ദര॥ കൊകിലൌഘങ്ങളുടെ മാധുൎയ്യസ്വരങ്ങളൊ ലെഖാധിപാ കെൾക്കുന്നു- കാമവിസ്ഫാരങ്ങളൊകെകികളാടീടുന്നു കുമുദിനീവിലസുന്നു കൊകനദങ്ങളെല്ലാം മൂടുന്നുകാങ്കവീര ॥സുന്ദര॥ കുരുവിന്ദമുഖസുമ മകരന്ദപാനംചെയ്യുമദഭൃംഗനികുരുംബനിനദങ്ങൾ നീശ്രാവിക്ക- അരവിന്ദ ബാണനുടെ ശരവൃന്ദംതറക്കയാൽ സുരവൃന്ദനാഥതാപം പെരുകുന്നുപ്രാണനാഥ ॥സുന്ദര॥ (നവരസം—അടന്ത) നാകസുന്ദരിമാരെ നാമിന്നുമൊദാലൊരൊ നടന

ങ്ങളോടുംക്രൂടി നവസുഖംവസിക്കേണം- കുരുങ്ഗാ
യെയൊന്നുധ്യാനം തരുണിരംഭെമൊഹനം കുരനീ
യുവ്ശിലാസ്യം കുരുവിന്ദസുരദനെ- (കുമ്മി) വല്ല
ഭമല്ലശരൊപമഭൊ മല്ലാരിപൂവ്ജ വീരവിഭൊ-
കല്യാണശീല ജയജയ സ്വാല്പ്ലൊകപാല രജനീശ
തുല്യസുഫാല വരികനീ മെല്ലെയിഹചൊല്ലെറി
ന മല്ലീശരവില്ലിനൊടെ നല്ലാഭയെല്ലാ മകററീട്ടു
ന്ന ചാരു ചില്ലിയുഗളസുകല്യമതെ - ജംഭനിഷൂദ
ന വല്ലഭനീ സമ്പ്രതികെൾക്കവചനമിദം- ശങ്കം
വെടിഞ്ഞും കചഭരമൻപൊടഴിഞ്ഞും നവസുമ
സംഘംപൊഴിഞ്ഞും വിരവിൽനാം മൊദത്തൊ
ടുമീനദ്ധ്വജ കെളിക്കുതുനിഞ്ഞീടുക കാലംകളയ
രുതെതുമഹൊ സുര ജാലംതൊഴുംപാദപങ്കജഭൊ-
ഭൂരിസുകൃതങ്ങൾ ചെയ്കയാലെ സാരനാംനിന്നൊ
ടു ചെർന്നുഞ്ഞങ്ങൾ- ചാരുമധുരം പരിചൊടു ചെരു
മധരം തവതന്നു മാരസമരം ചെയ്യീടുക ഘൊരാ
സുരവാരാന്തക ധീരഗുണവാസജയ സാരമതെ
സമയംമൊഹനം കാന്ത ചാരുകളെ ബരദെവപ
തെ - മാനസമൊഹനലീലെസഖി ഗാനംചെയ്യീ
ടുക മെനകെനീ- മാനിനിശീലം ഞാൻനിന്നുടെ
ഗാനാനുക്രൂലം ഹൃതസവ് മാനസതാലം ചെയ്യീടു
ന്നെൻ ബാലെസുകപൊലെവിധു ഫാലെഗുണ
ശീലെവഴി പൊലെനടനംനാം ചെയ്യീടെണം സു
ര പാലനമൊദംവളൎത്തീടെണം.

പാടി—ചെമ്പട

ദൈത്യൊത്തംസൊനഭസ്സൽഭുജകമലവിധുവ്ി
ശപ്സ്ഥകൾസ്സദപാരൊദ്ധ്യൽ പ്രഖ്യാത പ്രൌഢതെജാഃ

സ്മരഹതഹൃദയഃ പ്രൊല്ലസൽപത്രവല്ലീം- പ്രെ
ക്ഷ്യാനന്ദപ്രദാത്രീംസുരഭിലകുസുമാലംകൃതാം സൂന
വാടീം പ്രാഹസ്വാധീരനെത്രാം മധുരപികരവാം
സാരവാളീംഹിരണ്യ്യഃ॥ ബന്ധുരാംഗി മമകാന്തെ
ബന്ധുജീവാധരെ- സിന്ധുരഗതെകുമുദ ബന്ധുവി
താവിലസുന്നു - സൂനപരിമളഹാരിമാനസാമൊദ
ദൻ മാനിനിവീശുന്നുപവമാനനയീബാലെ - മാ
കന്ദസ്യന്ദിമധു വിലൊലുപകൊകില കാകളീനി
നാദെമ്മെ കൊൾമയിർകൊള്ളുന്നു - ബാലി
കെനിന്നുടെകച ജാലമതുകണ്ടു നീലമെഘമെന്ന
മൊദാലാടുന്നുകെകികൾ - കന്ദബാണകെളിചെ
യ്യാൻ മന്ദാക്ഷമെന്നിയെ സുന്ദരിവന്നാലുമരവിന്ദ
ദളനെത്രെ - (പുന്നാഗവരാടി—അടന്ത) വിന
യവാരിധെമമ ദനുജെശകാന്ത കനിവൊടെഭാ
ഷണ മധുനാനീകെൾക്ക - മനസിജശരനിര യ
നവധിയെററു മനതാരിൽപരിതാപം വളരുന്നു
കാന്ത - കളഹംസനിവഹങ്ങൾ നളിനികൾതൊ
റും കളിയാടുന്നതുകാങ്കമമെശ - അളികളുംസു
മഗണ മധുപാനംചെയ്തു അധികമായ്മരളുന്നു മന
സിജതുല്യ - ഫുല്ലകമലനെത്ര കല്യാണശീല തെ
ല്ലുമെവൈകിടാതെ വല്ലഭപുണർന്നാലും - മല്ലിസാ
യകവില്ലി നല്ലൽനൾകുന്ന ചില്ലിവല്ലികൊണ്ടുമാം
തല്ലീടൊല്ലാനീ - (ആനന്ദഭൈരവി—ചെമ്പട)
വിസ്മയന്നിൻ വാക്യമെവം സുസ്മിതചാരുവദനെ-
വല്ലഭെനാരി ദുർല്ലഭെ - വാസവാംഗനമാർതവ
ദാസികളൊമമജായെ ॥വല്ലഭെ॥ ബാലികെനിൻ
ഫാലദെശംബാലചന്ദ്രനൊനിനച്ചാൽ ॥വല്ലഭെ

സുന്ദരിനിൻ വല്ലഭനായ്വന്നതുമെ ഭാഗധെയം
"വല്ലഭെ"

## കാമൊദരി—ചെമ്പട

യുദ്ധെ ജിതസ്സൂദനു വജ്രധരെണകശ്ചിൽ ബെ
ദ്ധാഞ്ജലിർദിതിസുതഃ പരിദൃശ്യമാനഃ ശുദ്ധാന്തമ
ദ്ധ്യഗതമദ്ധത മെത്യവാച മദ്ധാദരെണതമവൊ
ചദിമാംഹിരണ്യം " കരുണാവാരിധെ ദനുജെശ
മാമകവാക്യം കരുണയാകെൾക്കദനുജെശ- ത്വമ
ല്ലഭവമിഹജനെശ്വരം ഹൃദി സുഭകരിയൊടുസ
ഹസുരെശ്വരം ഭജിപ്പതിനുമഹിധരെശ്വരം പ്ര
തിഗമിച്ചനാൾസുരഗണെശ്വരൻ "കരുണാ" സെ
നകളൊടി പ്പുരത്തിൽവന്നുടനതിവെലം ദൃഢ മ
രത്തമദമൊടുഗതലൊലം - എതൃത്തുസമദിതസു
രജാലം അഥ ഭവിച്ചിതസ്മാകമലൊലം "കരുണാ"
ഘൊരമായീടും രണത്തിൽവിരവൊടു സുരപാല
ൻ സഹി ജയിച്ചുഞങ്ങളെയതിബാലൻ മന
ക്കരുന്നതിലതുമൂലം മമ നിനക്കശൊകമതിനു കാ
ലം- "കരുണാ" (ഭൈരവി—ചെമ്പട)നന്നുനന്നി
ദം സുരലൊകെന്ദ്ര ചെഷ്ടിതമഖിലം മന്ദതയെ
ന്നിയെപൊകുന്നെൻ ഞാനുമമര വൃന്ദനാഥനെ
ജ്ജയിക്കുവാൻ സരസിജഭവനുടെവരബലമതു
കൊണ്ടൊരുവരെയും ഭയമില്ലയിനിക്കൊ - ദൈ
ത്യവീരനീയുമിനി ചിന്തമതിലുളവായൊ രത്ത
ലെല്ലാംത്യജിച്ചീടുക മൊദെനഞാന മർത്ത്യലൊ
കെപൊകുന്നിപ്പൊഴെ സുരപതിയുടെമദമൻപൊ
ട്ടതീർത്തിഹ വരുവൻജയമൊടഹം വിരവൊടെ=

ആഹരി—ചെമ്പട

ഇതിസുരരിപുവീരൊ വാചമുക്ത്വാ സരൊഷ സ്സുരകുലവരലൊകം പ്രാപ്യസെനാസമെതഃ - നിജബഹുപരിവാരൈ സ്സംവൃതംദെവരാജം വചനമിദമഭാണീദ്ദൃപ്തചെതാ ഛരിതാംഗഃ ॥ സുരാധിപാരെ വാടാ സുരാധിപാരെ - സുരാരിയാമെന്നൊടു രണത്തിൽസുരാധിപാനെതിരിടുകദുരാത്മൻ ॥ സുരാ॥ അമർത്ത്യനായക സമർത്ഥനാംഞാൻ തിമൃത്തമടമൊടു സമിത്തിൽനിന്നെ വികർത്തനാത്മജപുരത്തിലാക്കുവൻധരിക്കചിന്തയിൽവെടമതെ ॥സുരാ॥

കാനക്കുറിഞ്ഞി—പഞ്ചാരി

കണ്ണുദ്ദസ്സഹഗിരം ദനുജസ്യാകർണ്യഘൊരമഥ ദൈത്യരിപൂണാം മണ്ഡലെനസഹദാനവമൈത്യാഖണ്ഡലൊ വചനമാശ്രുണുഭാഷെ = കഷ്ടമിന്നിതെത്രയും ത്രിവിഷ്ടപത്തിൽവന്നുപരിചി ലട്ടഹാസകാരിയായ ദുഷ്ടനാരെടാ - ദൈത്യഹതകനില്ലനില്ലെടാ സമരമതിനു ദൈത്യഹതകനില്ലനില്ലെടാ - ശിഷ്ടനായ ദിതിജനാഥ നിഷ്ടമെന്നിയെ കരൊമി പുഷ്ടകൊപമട്ടഹാസ നിഷ്ഠുരംശം - ദെവഹതകനില്ലനില്ലെടാ സമരമതിനു ദെവഹതകനില്ലനില്ലെടാ- ഒട്ടുമെമടിച്ചിടാതെ ദുഷ്ടനായനിന്നെയിന്നു നഷ്ടമാക്കുവൻ രണത്തിലറിക ദമ്മതെ ॥ദൈത്യഹതക॥ ശക്രതെവികത്ഥനങ്ങ ളിത്ഥമിഹ നിരത്ഥമെവ വിക്രമെണനെക്ക സമരധരണി തന്നിൽനീ ॥ദെവഹതക॥

ഘണ്ടാരം—അടന്ത

യാവല്ലാരുണാവിഗ്രഹെ സുരവരംജിതൊസുരെ

ഷ്ഠ ശിതാസ്വ്വാനാക്രമയൻ പ്രസഹ്യസതതം
ലൊകാന്മദാന്ധ്യാഭവൽ താവത്തെനവിചൊദി
താവഖിലസാദ്ധ്യനാം വിധാതുംവ്യഥാ മഞ്ജൂതാരി
തിഘൊരദംഷ്ട്രവിമുഖൌ ദൈത്യെയൌമിഥൊ ഭാര
തീം ॥ വീരവിമുഖശൃണുമമവാചം ചാരുതരംസുമ
തെ ഘൊരമദേനനാമിനിഹ സുരവാരനിലയെ
ഗമിച്ചുടൻ - ഭീരുതയെന്യേസുരാമമരാം സുരനാ
തിമാരെ ഹരിച്ചീടെണം നാരദനാദിമുനികൾക്കു
മിന്നുനാം പാരവുംഖെദംവളത്തെണം - സാര
നാംനമ്മുടെ സ്വാമിതന്മാനസെ ഭൂരിപ്രമൊദം വ
രുത്തെണം പാരാതെപൊകനാ മല്ലയൊചൊല്ലു
നീ വാരണവൈരിപരാക്രമ- (സാരംഗം—ചമ്പ)
ഉചിതമിതുനിന്നുടെയ വചനങ്ങളെററവും മന
സിവളരുന്നുമദ മധുനാഗമിക്കനാം - വീരദനുജ
ശഹിതകാരിവരരാംനമ്മൊടാരെതൃക്കുന്നുപരമിരെ
ഴലകിലും- (ഘണ്ടാരം—ചമ്പ) എങ്കിലിഹപൊക
നാം ശങ്കാവിഹീനമരി സംഘാന്തകാവിമുഖാസം
ഖ്യവീരപ്രഭൊ- ഹുംകൃതിയൊടിന്നുസുര സംഘങ്ങ
ൾതമ്മുടെ യഹംകൃതിയൊഴിച്ചുജവ മന്തകനുനൽ
കെണം =

മാരധനാശി—അടന്ത

നിതാന്തമൊദേന ദിവംപ്രതീമൌ മദാന്തരം
ഗാവഥജന്മതുസ്യൌ തദന്തരെപവ്ത മാഹമൊദാ
ദ്ധൃദന്തരെ നാരദമാമുനീന്ദ്രഃ ॥ മംഗലാംഗസുമ
തൈഹെമാമുനി പുംഗവകെൾക്കവിശെഷം - ഏ
ങ്ങുനിന്നുവരുന്നുഭവാനിപ്പൊൾ ഒന്നുമെയറിഞ്ഞീ
ലഹം - ദൈത്യനാഥനാകുന്ന ഹിരണ്യൻതാൻ

പത്മയൊനിയെസ്സെവിച്ചു ചിത്തകാമങ്ങളൊക്കെ
വരിച്ചപൊൽ ദുഷ്ടനല്ലയൊദൈത്യനും - കിന്ത
വവചനം ദനുജെശന്റെ അന്തരംഗകാമങ്ങൾ
പൊൽ ചന്തമൊടുവരങ്ങൾനൾകീടുമൊ ചിന്തി
യാതെ പ്രജെശ്വരൻ - മാമുനിവരസന്ദെഹം വെ
ണ്ടതെ ഭീമദൈത്യൻമുകുന്ദന്റെ നാമംചൊല്ലുന്ന
വർകൾക്കുംസർവ്വദാ ആമയംവളൎത്തുന്നുപൊൽ-
എങ്കിലിന്നുനാം ദാനവനാഥനെ ശങ്കിച്ചുവസി
ച്ചീടെണം പങ്കജയൊനിതൻ കൃപകൊണ്ടവൻ
പങ്കജാലങ്ങൾചെയ്യീടും - അല്ലയൊയീവരുന്ന
തുദാനവൻ നില്ലെടൊ ഭ്രമിക്കാതെനീ തെല്ലുമെ
ഭയംവെണ്ട ദനുജനെ സല്ലാപെന ജയിച്ചീടാം -
(പന്തുവരാളി—ചെമ്പട) ചിത്താംബുജത്തിലിള
കാതെ മുകുന്ദപാദം ചെൎത്തങ്ങുചാരുതിരുനാമ ജ
പങ്ങളൊടും ഉൾത്തുൎന്ന ഭക്തിയൊടു മെവിനമാമു
നീന്ദ്രൌ കത്തുന്നകൊപമൊടുകണ്ടിതു ഘൊരദം
ഷ്ട്രൻ ॥ നാരദപൎവ്വതമുനിമാരെമമ ഭാഷണമിഹ
കെൾപ്പിൻ - വീരരതാകിയ നിങ്ങൾഭജിപ്പതിതാ
രടെപദമെന്നുംബത പാരിനുപരിവൃഢനാരെന്നും
മാം പാരാതുരചെയ്യിൻ- ॥നാരദ॥ (സൌരാഷ്ട്രകം
മുറിയടന്ത) ദൈത്യകുലവീരനീയും സത്വരംമെവ
ചനങ്ങൾ സത്യമെവം ശ്രവിച്ചാലുമുത്തമം ലൊ
കമതിങ്കൽ - ചക്രപാണിയുടെ പാദമുൾക്കമെലമ
തിൽനിത്യം ഭക്തിയൊടെഭജിക്കയും തൽക്കഥക
ൾശ്രവിക്കയും - ഉത്തമനാമംചൊൽകയു മിതഥ
മല്ലാതൊന്നുലൊകെ മുക്തിസാധനമതില്ലെന്നുൾ
ത്തളിരിൽനീധരിക്ക - എന്നതിനാൽമുരാന്തകൻ
തന്നെഞങ്ങൾ ഭജിക്കുന്നു പന്നഗശയനൻ ഭക്ത

ശർമ്മദനെല്ലാനിനച്ചാൽ (പന്തുവരാളി—ചെമ്പ ട) അമർത്ത്യവൈരി സമൂഹാധിപനുടെ പെരുത്തകരബല ഭീരുകനായി ട്ടൊളിച്ചുപാൽക്കടലിങ്കൽവസിപ്പവനുരക്ക ദൈവമതൊ - അവനുടെ നാമമതുരചെയ്യുന്നൊ രഖിലരെയുംഞാനാശു വധിപ്പൻ ഭുവനെശ്വര ദനുജെശ്വര നാമമതുകളണിമെവരുമെ (സൌരാഷ്ട്രകം—മുറിയടന്ത) വീരനിൻഭാഷണമിദം ചെയ്യുമെന്നുതൊന്നുന്നില്ലെ സാരസാക്ഷനുടെ പാദസാരസമഹംനമാമി॥

മുഖാരി—അടന്ത

ഏവംപറഞ്ഞഥ സരൊരുഹ യൊനി പുത്രൻ പ്രാപിച്ചുതൽക്ഷണമസൌ സുരവാരഗെഹം താവൽപരംമുനിവരംസമരപ്രിയന്തം ദെവെശ്വരശ്ശിവനിധിം ഗിരമിത്യുവാച ॥ ജയജയമുനിനായക-നയനിധെതവപാദം പ്രിയമൊടെ വണങ്ങുന്നെൻ ॥ജയ॥ സരസിജഭവസൂനൊ വരുവതെങ്ങുനിന്നിപ്പൊൾ പുരഹരപുരിയിന്നൊ ഹരിഗെഹമതിൽനിന്നൊ ॥ജയ॥ ഖലമിതിദിതിസുത കുലപതിയാംഹിരണ്യ കശിപുതന്നാപദ്രവം സഹിക്കാവതല്ലെ ॥ജയ॥ ശിഷ്ടരാമസ്മാകമ നിഷ്ടങ്ങൾചെയ്തീടുന്നദുഷ്ടനാംദനുജെശംനഷ്ടമാക്കീടവെണം ॥ജയ॥ ഉന്നതതപൊനിധെ മന്ദതയെന്നിയെനീ ഇന്നതിനുകഴിവെന്തെന്നു പറഞ്ഞാലും ॥ജയ॥ (മദ്ധ്യമാവതി—അടന്ത) ത്രിദിവലൊകനായകം വാസവസുമതെകെൾക്ക - ദിതിജനായകൻതന്നാൽ ദീനതവരുന്നതെല്ലാംതീർപ്പതിനിന്നു ॥ത്രിദിവ॥ സരസിജദളലൊചനൻ നാരായണൻ മുരകൈടഭമ

ഥനൻ തന്നോടിതെല്ലാ മുരചെയ്യാൽവിധുവദ
നൻ കഴിവുണ്ടാക്കും വിരവിനൊടെ ഗമിക്കനാം
സത്വരമിന്നു - "ത്രിദിവ"

മലഹരി—പഞ്ചാരി

അഥമുനിസുരവാരാഃ ക്ഷീരസിന്ധുപ്രതീരം ദി
തിസുതനിവഹാനാം കാളരാത്രിംസമേത്യ വിധി
വരമദചിത്താ ദ്ദാനവെശാൽപ്രബാധാ മിതിസര
സിജനെത്രം പ്രൊചുരത്യത്ഥഭക്ത്യാ " ഇന്ദിരെശ
പാഹിപാഹി നിർമ്മലാകൃതെ - സുന്ദരാനനതവാം
ഘ്രികംഭജാമഹെ "ഇന്ദി" ധൂർത്തനാംഹിരണ്യനാ
ൎത്തി ലൊകവാസിനാം ചെൎത്തിടുന്നു സൎവ്വനെര
വുംമുരാന്തക "ഇന്ദി" സാരസൊത്ഭവൻ വരപ്രഭാ
വഹെതുനാ ഘൊരനാരിലുംജനാൎത്തന ഭയന്നഹി
"ഇന്ദി" ക്ഷൊണിനാഥനീയിനിസ്സുരാരി നായകം
കാണിയും വൈകിടൊലാ ഹനിപ്പതിന്നഹൊ
"ഇന്ദി" (ഇന്ദളം) ദെവാധീശ്വര ധീരമാമുനിവരാ
ബൊധിപ്പിനിതെന്നൻഗിരം ദെവാരീശ്വരനാൽ ഭ
യംമതിയിനിസ്സൊത്തെന്ന പൊയ്യാഴവിൻ ഏവം
ലൊകവിഷാദ മാഹവമുഖെ ദുഷ്ടംഹിരണ്യാഹ്വ
യംഗീൎവ്വാണാരിവരംഹനിച്ചു വിരവിൽതീൎത്തീടുവ
ൻകെവലം -

കല്യാണി—ചെമ്പട

ഇത്ഥ്യാനന്ദകരാം രമാവരഗിരിം ശ്രുത്വാസുമൊ
ദെനതം നത്വാതെവിനയാവനമ്രവദനാ ഗത്വാ
ദ്ധ്യവാത്സുദിവം ദൈത്യാനാമധിപസ്സുതസ്സ്വ തന
യം ദൈത്യാരിഭക്തൊത്തമം പ്രഹ്ലാദം നികടാഗ
തം ദൃഢതരപ്രഹ്ലാദമൂചെവചഃ " നന്ദനമനൊ

ഹരമന്ദതയെന്നിയെന്നീ എന്നുടെവാക്യമിദം ന
ന്ദിയൊടെശ്രവിക്ക - സുന്ദരയിതുവരെ നിന്നുടെ
യറിവിങ്കൽനന്നായിട്ടുള്ളതെന്തെന്നെന്നൊടുചൊ
ന്നാലുംനീ - (ശങ്കരാഭരണം—അടന്ത) നല്ലതു
നാനാജഗൽഗുരുമാധവൻ മല്ലനിഷൂദനൻ കല്യാ
ണവാരിധി - സ്സല്ലാംബുജെക്ഷണൻ തൻപദസെ
വയതല്ലാതെ മറെറാന്നുമില്ലധരിക്കനീ (ആഹരി
ചമ്പ) ഹുംകൃതിയൊടിന്നുമാം കിംകിമരചെയ്യുന്നീ
പംകികൾഗണെശഖല പരിചിനൊടുകാങ്കനീ -
എൻകരകൃപാണെന നിൻതലയറുത്തുടൻ പംക
ജസഖാത്മജനു നൾകുവനിദാനീം - കുമതികൾവ
രൻമമ വിപക്ഷനാംമാധവനിൽ കുമതെഗമിക്കു
ന്നു തവമാനസംപരം - സമരതലഭീരുവാം വന
മാലിയൊപറക സകലദൈവതെശ്വരൻ വചനമിതു
വിസ്മയം - സംപ്രഹാരൊത്സുകനാ മെന്നൊടുപൊ
രതിൽ ജംഭാരിയാദിസുര സംഘങ്ങളുംമനസി -
സംഭ്രമമൊടീശാദി ദിക്പാലരുംനിഖില കുംഭിനിവ
രന്മാരുമത്യന്തബാധയാ - പാരംപരാജിതരായ്പാഴ
ന്നുകെൾക്ക സരസീരുഹജദത്ത വരബലമെന്ന
റികമാം - നരകാരിനാമമിനിയുരചെയ്കിൽനിന്നു
ടെയ രസനയതുഖണ്ഡിച്ചിടുന്നതുണ്ടെഷ ഞാൻ-

സാവെരി—അടന്ത

ഇത്യുക്തിതപ്രതിഘ കാശ്യപസൂനുഭീതാഃ കാ
വ്യാത്മജാസ്സുദനുസവ്കലാവിദഗ്ദ്ധം - ശ്രീമാധ
വാംഘ്രിയുഗസെവനസക്തചിത്തം പ്രഹ്ലാദമെ
നമവദന്നിജശിഷ്യമെവം ॥ സുരുചിരകളെബര
കെൾക്കനീമമ ഭാഷണമിന്നധുനാ - സരസിജ

ക്ഷണപാദ സരസിജസേവനം സകല നിന്ദി
തമെന്നു വദതിതവജനകൻ ॥സുര॥ ജനകശാസ
നനീയു മനുസരിച്ചുവാഴാതെ ദനുജവൈരിയെ
ത്തന്നെ ഭജിപ്പതെന്തഹൊചൊൽക ॥സുര॥ (മു
ഖാരി—അടന്ത) ഉഗ്രിരമാവരൻ ശര്വനിഷേവി
തൻ പര്വതാരിസേവ്യൻ പാര്വണേന്ദുമുഖൻ- ത
ന്നുടെപാദാംബുജങ്ങൾ ഭജിച്ചീടിൽ ഉന്നതതാപ
ങ്ങളൊന്നുംവരാദൃഢം- എന്നതുമല്ലമുകുന്ദനെസെ
വിച്ചാൽ വന്നീടുംമുക്തിയും സന്ദേഹമില്ലമെ- ഇ
ന്നതിനാലവൻതന്നുടെ പാദങ്ങൾ നന്നായ്ഞാ
നുംഭജിക്കുന്നു ധരിച്ചാലും- കാരുണ്യഹീനനാം താ
തനാലിന്നിതുകുത്സിതമെങ്കിലും നാരായണനുടെ-
കാൽത്തളിർമാനസെ ചെയ്തുഭജിക്കുക കാൽ
ക്ഷണംപൊലും ത്യജിക്കയില്ലെഷഞാൻ ॥

പന്തുവരാളി—ചെമ്പട

സ്വാചരാത്രുവഴ്യസ്യനിശമ്യതസ്യ സ്വാചരന്ദ നി
ശ്ശ്വഞ്ചലവാചമെവം- ശുക്രാത്മജാസ്യെസഭയംക
ദാചി ദിക്രാന്തമാപുദ്ദനുജെശിതാരം॥ നിസ്പൃപ
രെചരിതംപാക്കിലിതെത്രവിചിത്രമഹൊ- പുത്ര
നെമധുരിപുസെവകനാക്കി തത്രമഭാമാതിഷ്ഠഥ
രെരെ ॥നിസ്സൃപരെ॥ ഇക്കാലംനിങ്ങൾക്കമിതംഎ
ദി ധിക്കാരംവദ്ധിച്ചതുപണ്ടെ- ഉൾക്കാമ്പതിലഹ
ഹ മറിയുന്നറിവിൻ ചൊൽക്കൊള്ളും പ്രഥിതൻ
॥നിസ്സൃപരെ॥ ബന്ധിച്ചിഹഞാൻ നിങ്ങളെവിര
വിനൊ ടന്തകദൂതന്മനൾകീടുന്നെൻ- ഹന്തസുരാ
രിവരന്നതി നൊത്താ ലെന്തൊരു സന്ദെഹം
॥നിസ്സൃപരെ॥ (മൊഹനം—അടന്ത) ധീരദനുജെ

ശവീര ശ്രുവിക്കനീ ഭാഷണംമെ സുമതെ- കാരു
ണ്യശാലിയാം നിന്നുടെപുത്രനു കാവ്യണ്ണു സെവ
യല്ലാതൊന്നുമില്ലഹൊ ॥ധീര॥ ഞങ്ങൾപറകയാ
ലല്ലിതറിഞ്ഞാലും തുംഗപരാക്രമനീ- യെവമെ
ങ്ങിനെ വന്നുഭവിച്ചിതെന്നുള്ളതു നിണ്ണയിക്കാവ
ല്ലൊരുവനുംമാനസെ ॥ധീര॥ ഇന്നതകററുവാൻ
ചെയ്യുപ്രയത്നങ്ങ ളൊന്നുംഫലിച്ചില്ലഹൊ ദൈ
ത്യപുംഗവ ഞങ്ങളാലില്ലുപായമിനി നിന്നുടെമാന
സാഭിഷ്ടങ്ങൾ ചെയ്യാലും ॥ധീര॥

സൌരാഷ്ട്രം—അടന്ത

നഷ്ടാംപ്രഹ്ലാദനിഷ്ടാംദനുജകുലവരപ്രെരിതാ
സംവിധാതും ദിഷ്ടെസ്മിൻനിഷ്ഠരാംഗീനയനപുട
കടാഹാന്തരുദ്യൽസ്സുലിംഗാ ഹൃഷ്ടാതതസന്നികൃഷ്ടം
പ്രവിവൃതവദനാപ്രാപ്യ വിസ്സൃഷ്ടദംഷ്ട്രാ ദ്ദൃഷ്ട്വാ
വംതംവ്യചിന്തി ന്മുദിതമധുരിപും വക്രദന്തീനദ
ന്തീ ॥ ഘൊരചിത്തയാംഘൊരമുഖീ ക്രൂരദൈ
ത്യെശകിംകരി - വൈരികുലവധത്തിൽനിപുണാ
ക്രൂരശീലാവിമൊദിതാ- ഭീരദരിപു വരന്മാരെ
ക്കൊന്നു പരിചിനൊടു ചരിപ്പവൾ- സുരഗണങ്ങ
ളെ പീഡിപ്പിച്ചവൾ കരുണയാവിനാസന്തതം-
അക്ഷിരണ്ടുംരൂഢമാശു ശുക്ഷണിപൊലെ കഠൊ
രം ശിക്ഷയൊടെകണ്ണുമതു മെത്രയും വിപുലമെ
ല്ലാ- ചെന്നാമന്ദംദനുജെശ നന്ദനനൊടുതൻ
കാമം ചൊന്നിടെണമെന്നുറച്ചു തന്നുടെഹൃദിനി
നച്ചാൾ- (മദ്ധ്യമാവതി—ചെമ്പട) അഹൊമാമ
കഗമനംസഫലം- ഇഹവാഴുംദനുജെശ്വരതനയം
സഹമൊദെനഗമിച്ചീടെണം ബഹുലവചൊഭി

ഷ്മനസിജകായം വശീകരിഷ്യാമ്യഹമിഹസഹസാ ॥അഹൊ॥ പുരുഷൊത്തമസെവകനിവനുടെ ഹൃദി പരിചിൽവളൎന്നൊരു ഭക്തിയതെല്ലാമരനിമിഷംകൊണ്ടില്ലാതാക്കി സ്മരശരതാപം നൾകീടെണം ॥അഹൊ॥ ഇന്നതിന്നൊരു സുരസുന്ദരി വെഷം നന്നായിഞാനിഹ കൈക്കൊണ്ടുടനെ ചെന്നെന്നാലവനുടെ ഹൃദി സംശയമെന്നതശെഷ. മകന്നുഗമിക്കും ॥അഹൊ॥

എരിക്കല—ചെമ്പട

സഞ്ചിന്ത്യസെതിപ്രമദംകരാള ധൃത്വാമരീവെഷമഥാഭിരാമം- ഗത്വാബലിദ്ധ്വംസിപദാരവിന്ദഭക്തംജഗാദെദമദാരഭാവൈഃ ॥ ആശരകാമിനീമണിയാശയൊടെവന്നു കെശവപാദാബ്ജസെവാനാശനാൎത്ഥം - പെശലാംഗീനിജ സാധുകെശജാലങ്ങളി ലാശയമൊദെന സുമരാശിചൂടി - കാമവില്ലി നല്ലൽനൾകും ചില്ലിലാസ്യങ്ങളും വാമാംഭൊജസംകാശമാംനെത്രങ്ങളും - ചാരുതരഗാനം ചെയ്യും നീലമെഘവെണി വാരണസമഗതികൾതെടുകയും - മാരശരപരിതാപകാരിണിയായ്സുരനാരീമണിപൊലെയുള്ള ഭാവമൊടും - മഞ്ജുള വിലൊചനങ്ങൾ തന്നിലവൾമൊദ മഞ്ജനമെഴുതിയുമധീരനെത്രാ - മഞ്ജുതരകുച കലശങ്ങൾകണ്ടുവെന്നാൽ കഞ്ജശരബാണമെററു മയങ്ങിപ്പൊകും - സുരുചിരവിഗ്രഹ സുരരിപുവരസുത സന്നിധിയിൽഅവൾ പരിണതശശിമുഖി പരിചിൽവിളങ്ങിമനൊഹരവെഷാ- (സാമന്തമലഹരി—ചെമ്പട) ദെവാരീശനന്ദനകെൾ മെവചനംഉണ്ടാ

ലയ ദെവനാഥൊപമവീര പാവനവിഗ്രഹ - കു
ന്ദബാണൊപമനാകും നിന്നെയിന്നുകാങ്കയാലെ
ഉന്നതമൊദംമെവളരുന്നു സുന്ദരാംഗ (കല്യാണി)
ബാലെനീയുമാരാകുന്നു മൂലമെന്തിഹവരുവാൻ -
ലൊലലൊചനമാർമൌലെ ലെഖനാരിയൊനീ-
മത്ത്യനാരിയൊനീചൊൽക നിസ്തൂപംകിന്നരീകിമ
ചിത്തമൊദംപികവാണി മത്തനാഗഗതെ (നാ
ഥനാമാക്രിയ) മാനവിയുമല്ലഞാനൊ ദാനവനാ
രിയുമല്ല വാനവാന്വയത്തിലൊരു മാനിനിയറി
ക - മീനകെതനൻറഭീമ ബാണ ഗണമെൽക്ക
യാലെ ഞാനിഹവിവശയായി സൂനബാണസമ -
(കല്യാണി) ഗ്രാമ്യധമ്മംചെയ്യയില്ലകാമ്യനിമ്മലാ
സ്യെശാന്ത രമ്യനമ്മാകാമിനെത്രാ സാമ്യശമ്മദാം
ഗിഞാനൊ (നാഥനാമക്രിയ) കാന്തനിനിക്കുനീ
യെന്നു സ്വാന്തെയൊത്തു വന്നെനെല്ലൊ താന്ത
യാമെന്നെരക്ഷിക്ക കാന്തകളെബര - സുന്ദരീയാ
ഭംനിനച്ചാൽ സുന്ദരക്കെ കഴിവത്രു നിന്നിലാശവ
ളരുന്നു നന്നിതൽഥിരക്ഷാ (സാരംഗം—ചെമ്പട)
ചിത്രമിദംശ്രവണങ്ങൾക്കെത്രയുംഘൊരംവചനം
അത്രനിന്നുയാഹിമൂഢെ കത്രാപിവൈകാതെ -
എന്നാൽനിന്നെക്കൊണ്ടുപൊവ നിന്നുതന്നെഞാ
നും നിന്നെയുംപിരിഞ്ഞിഹഞാൻ പൊകയില്ല
കാങ്ക - വിഷ്ടപെശകൃപയാകും ദിഷ്ടമെന്നി ല്ല
ണ്ടെന്നാകിൽ ദുഷ്ടയാകുമിവളിന്നു നഷ്ടമായിടെ
ണം ॥ഇതിവദതിതദാദൈത്യരാജാത്മജെ നിപ്പ
ണതരമതൌ നീതിസംവെദിനി മൂതിമസുരവധ്വഃ
പ്രാപസാകൊപനാ സഹിനരകരിപു ഭക്തകല്പ
ദ്രുമഃ॥

### സാരംഗം—ചെമ്പട

ചിത്രംചിത്രംബതസുതമെനൊ വൃത്രാരെനംസ
മാനം ഹന്തുംഗന്തുംകിമിഹ നബലീകശ്ചിദിത്യുക്ത
വന്തം- ക്രുദ്ധംയുദ്ധൊത്സുകതരഹൃദഃപ്രൊദ്ധതാ
സ്തംഹിരണ്യം സിംഹാസ്യാദ്യാ അഥഭീതിസുതാഃ
പ്രാപുരൽ ഘൂർണ്ണിതാക്ഷാഃ ॥ ഹരിഹയജിദമല
ഭൊതവ പദസരസിജമിഹ വന്ദെ- ഹരിവരബല
സരഭസമതി ചതുരൈരസ്മാഭിഃ കിംകരണീയം
॥ഹരിഹയ॥ പുരമാസുതഹര നാകിയഹരനെ ബത
പടയിൽ- പെരിയകൊപമൊ ടകലെയാക്കുവതി
നിഹ പെടിയില്ലപാടവെന സമ്പ്രതി ॥ഹരിഹയ॥
വലശാസനനൊടുപൊരിനു മധുനാമടിയില്ലെ- പ
രിചിനൊടിഹ വരുത്തിയകാരണ മരുളിടുകമന
സിസുമൊദസംയുതം ॥ഹരിഹയ॥ കഷ്ടംപരനി
ഷ്ഠൻബഹു ദുഷ്ടൻമമസുതനെ ചെന്നുവെഗമിനു
പൊരിൽ വിരവൊടുകൊന്നുനിങ്ങ ളിങ്ങുവന്നിടെ
ണം - തുംഗപരാക്രമരെ നിങ്ങൾക്കതി ;മംഗലമുള
വാകും =

### ഖണ്ടാരം—അടന്ത

ശ്രുത്വാഗതെഷ്വദനുജെഷു ഹിരണ്യവാചം ക
ര്ത്തും വധം ദനുജസംഘവരാത്മജസ്യ- മായാബ
ലെന കരുണാശരണസ്യ വിഷ്ണൊ വാചംമിഥൊ
ബ്രുവതസംയുഗലാലസാസ്തെ ॥ ദൈത്യവരനന്ദ
ന വധത്തിനുഗമിച്ചൊരു ദൈത്യകുലവീരനായി
ടുന്ന ഞാനഹൊ- യുദ്ധമതിലുദ്ധതനതാകിയൊരു
നിനുടെയ മസ്തകമടിച്ചിഹ പൊടിപ്പൻ ധരിക്ക-
ചിത്രമതിചിത്രമിഹ ദൈത്യഖലനീയും സാദ്ധ്വസ

മൊഴിഞ്ഞിദ മരച്ചുനിനച്ചാൽ- മിത്രരുടെപുത്ര
സദനത്തിലുടനെത്തിനീ യത്തലൊടുരക്ഷ മമ
ഹസ്തബലമെല്ലാം - ഉദ്ധതദുരുക്തികളെ യുച്ചരി
ക്കയൊല്ല നീ ക്രുദ്ധഹരിസത്തമം ഹസ്തിവരനെ
ന്നപൊൽ- വിഷ്ണുരവരംകണ്ട പന്നഗമെന്നപൊ
ലാക്കുവൻ നിന്നെയഹമെന്നുധരിക്ക - പൊരുമി
തുപൊരുമിതു വീരവാദംഭവാൻ പാരമായ്യാന്നതു
സുരാരികുലാധമ- വീരനെന്നാകിലൊ ഭീരുതവെ
ടിഞ്ഞുടൻ പൊരതിനുനെരിടുക പാരാതെ ദുർമ്മ
തെ ॥ഉകൈതവമെതെ ദനുജാമദാന്ധാ മിഥൊ
രണെവാ പുരഥൊവിനാശം- പ്രഹ്ലാദനാമാജയ
തിസ്മകാമം ഭക്ത്യതിമാംപാലയപത്മനാഭ॥

## ദണ്ഡകം

ഏവംനിശമ്യനിജ മൊദംകുറഞ്ഞധിക ഖെദം
വളൎന്നസുരപാലൻ- അരികൾകുലകാലൻ അനി
ശമസുശീലൻ- വിനയനിധിതനയനുടെ ദനുജരി
പുഭക്തിയാൽ മനതളിരിലധിഗതവിലൊലൻ- പു
ത്രംമുകുന്ദവര മിത്രംപ്രതീതഗുണ പാത്രംഹനിപ്പ
തിനുറച്ചു- ക്രൊധവുമദിച്ചു കരുണയതൊഴിച്ചു-
അഗമയദഹീശ്വരാനജിതകൃപയാഗളിതരദനാളു
മെബതഭവിച്ചു- ബന്ധിച്ചുപുത്രനെമദാന്ധൻഹിര
ണ്യനഥ സിന്ധുവതിലഭയമൊടെറിഞ്ഞു വരുണ
നതറിഞ്ഞു ഗുണനിധികനിഞ്ഞു മനസിബഹുക
രുണയൊടു മധുവൈരിസെവകശിഖാമണിസുഖാ
യസതുനിഞ്ഞു - തീരെകരെററിയതിധീരംസകാ
ശ്യപജ വീരൻജിതാഖിലകുഭൃക്കരം- ഗരളപരിയു
ക്തം സരസതരഭക്തം നൽകിയതുകൊണ്ടുമവന

തിസുഖ മഹൊവസൻ നഹികപടമിഹ മന്നിമ
ഹൊകരം =

കെദാരഗൌഡം

പ്രഹ്ലാദഹതൈ്യസ്തു ഭവന്തിതെഷാം ദുഷ്കൎമ്മ
ണാംഗെണരതി ഭീഷണാംഗ്യഃ വിശാലരക്താമിത
ല്ലൂണ്ണിതാക്ഷ്യഃ ക്ഷെപളാധൂതാശെഷ ദിശൊഥ
കൃത്യാഃ -

സാരംഗം—ചെമ്പട

മദ്ധ്യാഹ്നൊത്ഭവസാന്ദ്ര ദാരുണകരാ നപിന്യ
സ്യായസ്മിൻക്രമാ ദ്യാത്യക്കൊരുദിനം കദ്രുണ്ണകര
താംദ്രഷ്ടൌവവിദ്ധ്വംസിനി ഭക്തക്ഷെമവിധിത്സു
ശാങ്ഗിട്ടജരാജീവസ്ഥിതം ബാധതെ ചക്രംഭിന്നസു
രാരികണ്ഠവിഗളദ്രക്തപ്രഭം നൈസ്തൃതാഃ ॥ ആ
ശ്ശുപൊരിനു വരുവിനരികിലഹൊ ദക്ഷനാമെ
ന്നൊ ടാശ്ശുപൊരിനുവരുവിനരികിലഹൊ - ശി
ഷ്ടനാംബാലനൊടിന്നു പുഷ്ടകൊപമെത്തുകയാൽ
നിഷ്ടരെവിഗ്രഹെയുഷ്മാൻ നഷ്ടമാക്കീടുവൻ ഞാ
നും ॥ആശ്ശുപൊരിനു॥ നിന്ദിതനാകുന്ന നീയുമ
ന്നതമാം സമരത്തിൽചെന്നു കാലമന്ദിരത്തിൽ
സന്നഖെദംവാണുകൊൾക ॥ആശ്ശുപൊരിനു॥ വ
രികമൂഢമതെ വീരനെന്നാകിൽ ആശ്ശുപൊരിനു
വരികമൂഢമതെ - ആസുദ്രുതം സമിതിതെനരു
ഷാഹതാസുപ്രഹ്ലാദമിന്ദ്രരിപുനാഥഗിരാധരായാം
നിക്ഷിപ്യവന്തളുവശംബര മംബുവാഹാസ്സൌധാ
ത്സ്മസന്തിദനുജാഃ പ്രമദന്തമച്ചൈഃ॥

കാമൊദരി—ചെമ്പട

ഇന്ദ്രാരാതി ഗണെശ്വരൻറതനയൻ പൊന്നു

ങ്ങു ഭ്രമണ്ഡലെ വന്നീടുന്നതദന്തരെ സുരുചിരാ
വനാശ്രുക്ലേദവിതം മന്ദംവിട്ടുവഹിച്ചുബാഹുയുഗ
ളെ വൃന്ദാരകെശംതദാ മന്ദംമന്ദമുവാചസാപിമ
ധുരംകുന്ദെഷുചാപഭ്രുവം ॥ വനജലൊചനെ നി
ന്നടെപാദം മനസിഭക്ത്യാ വണങ്ങിനെൻ - ജന
നിയാരഹൊ അടിയനിലിത്രകരുണചെയ്യുത്തും കഥ
യനീ ॥വനജ॥ (ഉശാനി—ചെമ്പട) മംഗലസ
ന്മൊയവസതെ മമവചനംശൃണുസുമതെ മുരഹര
സെവകനീയും ധരണീഞാനെന്നറിക - മധുമഥ
നൻമമകണവൻ വിധുവദനനുടെവചസാ ഇഹ
ചപലാഗതയായിഞാൻ തവതനുപാലന മതിനാ
യ് (കാമൊദരി—ചെമ്പട) ദൃതഞ്ഞാനും ധര
ണിയിലണഞ്ഞീടുന്നതിന്മുമ്പെ കനിഞ്ഞെന്നിൽ
കൃപയാനീ തടഞ്ഞതുംമമഭാഗ്യം തുനിഞ്ഞുമാം വ
ധിക്കുവാൻ ഹിരണ്യകശിപുതാതൻ പിണഞ്ഞീ
ലചതിയൊന്നു മറിഞ്ഞാലുംജനനിനീ ॥വനജ॥
മമതാവാരിധെനാഥെ ഭവതിയൊഴിഞ്ഞുമമ കരു
തുകപരാശ്രയം കളമൊഴിനഹിയിഹ കരുണ
യൊടുനിശംമാം കാത്തുകൊള്ളെണംനീയും കരി
വരഗമനെനിൻകഴലിണപണിയുന്നെൻ ॥വനജ॥
(ഉശാനി) മമസുതനീയിനിയുന്നി നവശതയിൽ
കരുതുകമാ വിമലതദാഗതയായിഞാൻ തവ വ്യ
ഥകളം തീൎത്തിടുവൻ - അരുതരുതെപരിതാപം മു
രമഥനൻ പാലയതുരുചിരതനൊമമതനയഭവതു
ബാഹുശിവമിഹതെ =

പന്തുവരാളി—ചെമ്പട

പൃഥ്വീമുദാദാനവമെവമുക്ത്വാ സാന്ത്വയെത

ശ്രുതതഃ പരസ്താൽപ്രഹ്ലാദമെവം വചനംസകൊ
പംപ്രൊവാചസൂനുംദനുജെന്ദ്രനാഥഃ ॥ കുത്സി
തകുമതെന്നമ്മുടെവചനെ നിസ്സാരെന്നമദാ ലെ
ന്നൊടു മത്സരമായിവസിക്കുംനിന്നുടെ നിഗ്രഹനന
മിഹചെയ്യുൻ - ഇക്ഷണമിഹ തവ ബന്ധുവതാകും
പക്ഷിധ്വജനമലൻവന്നു ശിക്ഷയൊടെതവരക്ഷ
കൾചെയ്കിൽ ചിത്രമതതിവെലം (നീലാംബരി
—അടന്ത) മമബന്ധുമാത്രമല്ല ക്ഷിതിവാസികൾ
ക്കെല്ലാക്കാ കമലാക്ഷൻബന്ധുവത്രെകെൾ- അ
വനുടെതിരുനാമമറിയാതെ ചൊല്ലീടിലുംജവമൊ
ടെ മുക്തിയുണ്ടാകും - നീയുംവൈകാതെയിനി മാ
യാമയൻതന്നുടെ പാദങ്ങൾസെവിച്ചീടുക (പന്തു
വരാളി—ചെമ്പട) മതിമതികുമതെ ഭാഷണമിതു
തെ ഹൃദികൊപംപെരുകീടുന്നു മമകരഗതശിത
സായകമതിനാൽമഥനംതവചെയ്യീടുവനധുനാ =

ഘണ്ടാരം—അടന്ത

താവത്സംവർത്തകാലെ ജ്വലിതനിയുതഭാസ്വാ
ൽപ്രവൃദ്ധപ്രദീപ്തിർഘൊരക്ഷ്വെളാർജ്ജിതാഭ്രധ്വാനിര
മിതരുഷവത്രിലൊകീംദിധക്ഷൻ സ്തംഭാന്തർഭാഗ
ജാതസ്സരസിജനയന സ്സർവ്വലൊകാധിനാഥ സ്സം
പ്രെക്ഷ്യാവൊചദെവം മനുജഹരിരമും ദൈത്യസം
ഘെശിതാരം ॥ പങ്കജായതലൊചനംഹൃദി ചി
ന്തിയാതെമദാന്ധനായ്യങ്കജാലമതൻപിന്നൊടിഹ
ചെയ്യിടുന്നവനാരെടാ അമരരിപുകുലഹതകനാം
തവപെരിയഗർവ്വമതിന്നുഞാൻ സമരസീമനി തീ
ർപ്പൊന്നുധരിക്കെടകുലാധമ - ദാനവാധിപ
നാകുമെന്നുടെ ഹസ്തവീര്യമതൊക്കെയും മാന

സെയറിയാതെവന്നിതു മാനമൊടുരചെയ്കയാൽ
പടുതയൊടുമിഹ കുടിലമാനസനായനിന്നുടലിന്നു
ഞാൻ പടയിൽവടിവൊടു ഝടിതിശംപൊടിയാ
ക്കുമെന്നുധരിക്കനീ - പൊരുമിന്നുഭവാനുരച്ചൊരു
ഘോരഭാഷണമൊക്കെയും വീരനെങ്കിലടൽക്കു
നെരിടുകാശുകുത്സിതദുർമ്മതെ മുനിസുരാന്വയ ഭീ
തികാരണനായിടുന്നൊരു നിന്നെഞാൻ കനിവി
നൊടുയമ സദനമതിലുടനാക്കുമിഹനഹി സംശ
യം - തുഭ്യംവിജ്ഞാ നമൊസ്ത്വിത്യുദിതമുനിസുരെ
വിഗ്രഹെ ഭീതലൊകെ ധൂതബ്രഹ്മാണ്ഡഭാരെ ഗ
ളിതധൃതിവിധൌതൽഗൃഹദ്വാരമദ്ധ്യെ സ്ഥിതൊ
ൽഘാട്യാസ്യവക്ഷൊനഖഃഖരമുഖൈശ്ശോണിതാ
ന്ത്രാദികം ലഘ്വാച്ചുക്ഷണ്ണപ്രക്ഷണ്ണതൈരുജ്ഝരംഘനര
വംപ്രൈധിതം സൊധിതാസൌ - അഭീക്ഷ്ണം
ദൈത്യൌഘസ്സമിതിചഗതസ്സ നസന്ത്രാസദാ
യാം ക്രുധാദ്ധ്യോതാതപ്തംവിപിനമിവ നഷ്ടോഭവ
ൽപാവകെന ശമംശ്രീരെത്യൈനംത്വരിതമഥ ദ
ദ്രാവഭീതാന്നിനീഷുർവ്വിധിഃ പ്രഹ്ലാദന്തം നൃഹരിനി
കടംനീതവാൻ നീതിശാലീ॥

ഭൂപാളം—അടന്ത

ഹത്വാസുരാംസ്താൻ സമരെകൃതാസ്ഥാൻ സിം
ഹാസനസ്ഥം ഭയദംസമസ്ത്ഥംനത്വാപവിത്രംനര
സിംഹഗാത്രം പ്രഹ്ലാദനാമാഹഗിരംമുദാമാ ॥ പം
കജാക്ഷനമൊസ്തുതെപരിപാഹിമാംജഗദീശ പങ്ക
നാശനദെവവന്ദിതവാഹനവിഹഗെശ - നരഹ
രികളെബരഹരെ - പരമപൂരുഷപരഭയാനകപ
ഞ്ചാസവംസഹെശ ശരണമിന്നുതെ ചരണപങ്ക

ജം കരുണയാവനിരാശ ॥നരഹരി॥ കാമനാശന
സെവിത സകലെശ്വരനരകാരെ ഭീമതപ്തസ്വ
വർണ്ണവർണ്ണ വിഘൂർണ്ണിതാക്ഷധൃതാരെ ॥നരഹരി॥
ആമയകരമായിടുന്നൊരു ഘൊരമായസംസാരെ
ആമയമതുവന്നിടാതിഹ രക്ഷചെയ്ക കംസാരെ -
॥നരഹരി॥ (പുറനീര—ചെമ്പട) ദനുജാന്വയവര
സുമതെനീയിഹകനിവൊടിന്നു ശ്രുവിക്കഗീരംമെ-
ദലിതഹിരണ്യകളെബര മൊത്തുദരമപിശൊകം
മാകുരുവത്സ - പനിമതിമുഖനിർമ്മലമിദാനീം ജന
കാദികൾതവപൂർവ്വന്മാരായ് - മുനിജനസെവക
മകുടമണിനീ മമപദസെവകനായ്ബഹുകാലം -
അനവധിരൂപം കാണുംവിശ്വമി തനിശംഞാനെ
ന്നൊർത്തുമഹാത്മൻ - മനസിമുദാ സഹദാനവ
വംശെ ദനുജെശ്വരനായ്വാഴ്കസുമതെ - കല്യാണീ
ധവകന്മഷൌഘഹരനിൻ ചൊല്ലാർന്നവാർത്താമ
ഹം വല്ലാതിന്നുരചെയ്യു ശൈശവമദാ ലെല്ലാം
പൊറുത്താശുനീ കല്യാണാംമമസർവ്വദാ തരുവതി
ന്നെല്ലാപ്പൊഴുംനിൻപദം ഉല്ലാസെനനമാമി സ
ർവ്വവിധംകല്യാണവാരാന്നിധെ =

ഇതി

ഹിരണ്യാസുരവധം

സമാപ്തം

ശ്രീരസ്തു.

———o———

ൟപുസ്തകം

തിരുവനന്തപുരം ചാലയിൽ ബുക്സെല്ലർ

സീ- മാത്തൻെറ ഷാപ്പിലും

കിട്ടുന്നതാകുന്നു.